ഭാരതം 67-ാം സ്വാതന്ത്ര്യദിനമാഘോഷിക്കുമ്പോൾ യഥാർത്ഥ സ്വാതന്ത്ര്യം എന്താണെന്ന് തിരിച്ചറിയുക...

# സ്വാതന്ത്ര്യം നൽകുന്ന ക്രിസ്തു സ്വാതന്ത്ര്യം...




**ജെ. പി. വെണ്ണിക്കുളം**

e-mail: jpvennikulam@gmail.com





സ്വാതന്ത്ര്യം മനുഷ്യന്റെ അവകാശമാണ്. സ്വാതന്ത്ര്യത്തോടെ ജീവിക്കാൻ ആഗ്രഹിക്കുന്ന മനുഷ്യൻ അടിമത്തത്തെ വെറുക്കുന്നു. ക്രിസ്തു തന്റെ ഐഹിക ജീവിത കാലത്ത് ബന്ധനത്തിലായിരുന്നവരെ സ്വതന്ത്രരാക്കി. കുരുടർ, ചെകിടർ, മുടന്തർ, ഊമർ, കുഷ്ഠരോഗികൾ തുടങ്ങിയ നാനാവിധരോഗികൾ അന്ന് സൗഖ്യമായിരുന്നു. ക്രിസ്തു വിഭാവനം ചെയ്തത് നിത്യസ്വാതന്ത്ര്യമായിരുന്നു. അത് വർണ്ണ- വർഗ്ഗ-ജാതി-മതഭേദമെന്യെ എല്ലാവർക്കും ലഭ്യമാകണമെന്ന് അവിടുന്ന് ആഗ്രഹിച്ചു.

ക്രിസ്തുവിന്റെ സ്വാതന്ത്ര്യം സ്വാതന്ത്ര്യത്തിലേക്കുള്ള സ്വാതന്ത്ര്യമാണ്. അത് ബന്ധന ത്തിൽ നിന്നും അടിമച്ചങ്ങലയിൽ നിന്നുമുള്ള സ്വാതന്ത്ര്യമാണ്. ഗലാത്യർ 5:1ൽ പറയുന്നു; ‘‘സ്വാതന്ത്ര്യത്തിനായി ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി. ആകയാൽ അതിൽ ഉറച്ചുനിൽപ്പിൻ; അടിമ നുകത്തിൽ പിന്നെയും കുടുങ്ങി പ്പോകരുത്.’’ പൗലോസ് ഇവിടെ വെളിപ്പെടുത്തുന്ന രണ്ടു കാര്യങ്ങൾ; ഒന്ന്, സ്വാതന്ത്ര്യം (liberty), രണ്ട്, അടിമത്വം (bondage). അല്ലയോ, ഗലാത്യരേ യേശുക്രിസ്തു നമ്മെ അടിമത്ത ത്തിൽ നിന്നും വിടുവിച്ചത് സ്വാതന്ത്ര്യം അനുഭവിക്കാൻ വേണ്ടിയാണ്. കർത്താവിന് ഒരൊറ്റ ആഗ്രഹമേ ഉണ്ടായിരുന്നുള്ളു; നാം നിത്യസ്വാതന്ത്ര്യം അനുഭവിക്കണം. അതിന് സ്വജീവൻ കൂടി നല്കാൻ താൻ തയ്യാറായി. പൗലോസ് പറയുന്നു, ക്രിസ്തു സ്വാതന്ത്ര്യത്തിൽ അഭിമാനം കൊള്ളാൻ വരട്ടെ, ശ്രദ്ധിക്കൂ നീ അടിമത്വത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ചു എങ്കിലും അതിന്റെ ആഗ്രഹം നിന്നോടാകുന്നു.

സ്വാതന്ത്ര്യം പ്രാപിച്ചു എന്ന ഒറ്റക്കാരണത്താൽ സ്വതന്ത്ര രായി എന്നവകാശപ്പെടാൻ വരട്ടെ, അടിമത്തത്തിൽ വീണ്ടും കുടുങ്ങിപ്പോകാനുള്ള സാധ്യത ഏറെയാണ്. അതിനാൽ സ്വാതന്ത്ര്യത്തിൽ ഉറച്ചുനില്പിൻ; ഇളക്കുന്ന ഛിദ്രശക്തികളെ തിരിച്ചറിയുക.

പ്രിയരേ, ഒരു നാൾ നാമും പാപാന്ധകാരത്തിലായിരുന്നു. ക്രിസ്തു തന്റെ രക്തം നൽകി നമ്മെ വിലയ്ക്ക് വാങ്ങിയതോടെ നാം സ്വതന്ത്രരായി. അതിനാൽ പാപത്തിലേക്ക് വീണ്ടും വീഴരുത്. പാപബന്ധനത്തിൽ കുടുങ്ങിയ മാനവരാശിയ്ക്ക് സാർവ്വത്രികമായി ലഭിച്ച സ്വാതന്ത്ര്യം എത്രയോ ശ്രേഷ്ഠമാണ്. സ്വന്തപുത്രനെ ആദരിയാതെ നമുക്കുവേണ്ടി എല്ലാമാക്കിയവൻ. അതുകൊണ്ട് ക്രിസ്തുവിന്റെ രക്തത്തിന്റെ വില നാം മറക്കരുത്.

പുറപ്പാട് ഒന്നാം അദ്ധ്യായത്തിൽ ഫറവോന്റെ അടിമത്വത്തിൽ ഞെരിഞ്ഞമർന്ന യിസ്രായേല്യരുടെ ചരിത്രം കാണാം. അതികഠിനമായ പീഡനമുറകളുടെ നടുവിൽ മുറവിളി കൂട്ടിയ ജനത്തിന്റെ നിലവിളി സ്വാതന്ത്ര്യത്തിനായുള്ള വിളിയായിരുന്നു. മോശെ മുഖാന്തരം ദൈവം അവരെ മോചിപ്പിച്ചു. ഈജിപ്തിലേക്കുള്ള മോശെയുടെ ആഗമനം യിസ്രായേല്യർക്ക് ശക്തിയും ഓജസ്സും പകർന്നു. അവരെ മോചിപ്പിക്കാൻ മോശെ കനത്ത വില നൽകേണ്ടതായി വന്നു. എങ്കിലും ദൗത്യത്തിൽ നിന്നും പിന്മാറിയില്ല. അവരുടെ മോചനം സ്വന്തം സമൂഹത്തിന്റെയും തന്റെയും മോചനമായിരുന്നു. പ്രീയരേ, നമ്മുടെ ആത്യന്തിക ലക്ഷ്യം ഒരുപിടി സമൂഹത്തിന്റെ മോചനമാകട്ടെ. പക്ഷെ, സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തരുതെന്ന് (1പത്രോസ് 2:16) വചനം പറയുന്നു. അതിനാൽ പിശാചിന് ഇടം കൊടുക്കരുത് (എഫെ. 4:27).

ക്രിസ്തു സ്വാതന്ത്ര്യം താല്ക്കാലികമല്ല, മറിച്ച് നിത്യമാണ്. അതുകൊണ്ട് നാം ഉറച്ചു നില്ക്കുക. നമുക്ക് ലഭിച്ച സ്വാതന്ത്ര്യം നമ്മിൽ നിന്ന് കുടുംബങ്ങളിലേക്കും സഭകളിലേക്കും സമൂഹത്തിലേക്കും പ്രവഹിക്കട്ടെ. അനിയന്ത്രിതമായ ദൈവീക പ്രവർത്തിക്ക് പാത്രീഭൂതരാകാം.

ലേവ്യ.26:13 പറയുന്നു, നിങ്ങൾ മിസ്രയീമ്യർക്ക് അടിമകളാകാതിരിപ്പാൻ അവരുടെ ദേശത്തുനിന്നു ഞാൻ നിങ്ങളെ കൊണ്ടുവന്നു. നിങ്ങളുടെ നുകങ്ങളെ ഒടിച്ച് ഞാൻ നിങ്ങളെ നിവരുമാറാക്കി. അതെ ഈ സ്വാതന്ത്ര്യം നമ്മെ നിവരുമാറാക്കുന്ന സ്വാതന്ത്ര്യം കൂടിയാണ്. വിലാ.1:14, യെശ. 9:4, സങ്കീ, 107:10, യെശ. 58:6 എന്നീ വേദഭാഗങ്ങൾ കൂടി വായിക്കുക.

വിമോചന ദൈവശാസ്ത്രം (Liberation Theology) എന്നാൽ അടിച്ചമർത്തപ്പെട്ടവർക്കു മേൽ ദൈവത്തിന്റെ വിമോചന ശക്തി വെളിപ്പെടുത്തുന്ന ദൈവശാസ്ത്രം. 1960 കളിൽ ലാറ്റിൻ അമേരിക്കയിൽ ആരംഭിച്ച ഈ ദൈവശാസ്ത്രത്തിന്റെ പ്രാരംഭ പ്രചാരകർ റോമൻ കത്തോലിക്കരായിരുന്നു. അടിച്ചമർത്തപ്പെട്ട സമൂഹത്തിലെ പിന്നോക്ക വിഭാഗ ക്കാരെ വിമോചന ദൈവ ശാസ്ത്രം രക്ഷിക്കുമെന്ന് പരക്കെ വിശ്വസിച്ചു.

1970-കളിൽ കൊറിയക്കാർ മിൻചുങ് (Minjung) ദൈവശാസ്ത്രം രൂപീകരിച്ചു. മിസ്രയീമിലെ ഫറവോന്റെ അടിമത്തത്തിൽ യിസ്രായേൽ ജനത്തെ കണ്ടുകൊണ്ടായിരുന്നു ഇത്. തങ്ങളുടെ ദൈവം വിമോചകനായി സാധാരണക്കാരിലേക്ക് ഇറങ്ങിച്ചെല്ലാൻ അവർ ആഗ്രഹിച്ചു. പാവപ്പെട്ടവർ വേദനിക്കുന്നവർ പന്നോക്ക വിഭാഗക്കാരെ മനസ്സിലാക്കാനുള്ള ശ്രമത്തിൽ പാശ്ചാത്തലവത്കരണം (Contextualisation) സംഭവിക്കണമെന്ന് ഇവർ വാദിക്കുന്നു. ആഫ്രിക്കയിലെ കറുത്ത വർഗ്ഗക്കാരുടെ മോചനം ലക്ഷ്യമാക്കി കറുത്ത ദൈവശാസ്ത്രം (Black Theology) രൂപപ്പെട്ടത്, വെള്ളക്കാരിൽ നിന്നുള്ള മോചനം മാത്രമല്ല അവർ ആഗ്രഹിച്ചത് തങ്ങളെ മനസ്സിലാക്കുന്ന ഒരു കറുത്ത ദൈവമുണ്ടെന്ന് അവർ വിശ്വസിച്ചു.

പൗലോസ് പറയുന്നു, സ്വാതന്ത്ര്യം അടിമത്വത്തിലേക്കല്ല; പ്രത്യുത, സ്വാതന്ത്ര്യത്തിലേക്കാണ് നയിക്കേണ്ടത്. പഴയനിയമ സ്വാതന്ത്ര്യം മോശൈക ന്യായ പ്രമാണ അനുകരണമെന്ന അടി മത്തമാണ് സമ്മാനിച്ചതെങ്കിൽ ക്രിസ്തു വിഭാവനം ചെയ്ത പുതിയ ഉടമ്പടി നീതിയും സമാധാനവും നിത്യ ജീവനും പ്രദാനം ചെയ്യുന്നു.

> “സ്വാതന്ത്ര്യത്തിനായി ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി. ആകയാൽ അതിൽ ഉറച്ചുനിൽപ്പിൻ; അടിമ നുകത്തിൽ പിന്നെയും കുടുങ്ങി പ്പോകരുത്.”
>
> ഗലാത്യർ 5:1
> (വിശുദ്ധ ബൈബിൾ)

ഇന്നത്തെ ക്രിസ്തീയ സമൂഹം ധാർമ്മികമായി നിപതിച്ചിരിക്കുന്നു, ക്രിസ്തു നൽകിയ സാരോപദേശങ്ങൾ കാറ്റിൽ പറത്തി യഥേഷ്ടം ജീവിക്കുന്ന തലമുറ. ദൈവഭയമില്ലാത്ത ദൈവമക്കൾ. ഒന്നു നാം തിരിച്ചറിയുക, അടിമത്വത്തിലേക്കുള്ള പ്രയാണമാണിത്.

ക്രിസ്തു നൽകിയ സ്വാതന്ത്ര്യം ഇതല്ല. അടിമനുകത്തെ തകർത്തെറിയാനുള്ള സ്വാതന്ത്ര്യമാണ്. അതെ, സ്വാതന്ത്ര്യത്തിലേക്കുള്ള സ്വാതന്ത്ര്യമാണ് അവിടുന്ന് നമുക്കു നൽകിയിരിക്കുന്നത്.